# പതിനാലാം കേരളനിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*162 | 14/08/2017-ൽ മറുപടിക്ക്

## ഐ.ടി.മേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ

ചോദ്യം

ശ്രീ.പി.കെ.അബ്ദു റബ്ബ്
,, സി.മമ്മൂട്ടി
,, കെ.എം.ഷാജി
,, മഞ്ഞളാംകുഴി അലി

മറുപടി

ശ്രീ. പിണറായി വിജയൻ
(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്തെ ഐ.ടി. കമ്പനികളിൽ നിന്നും ജീവനക്കാരെ പിരിച്ചുവിടുന്ന പ്രവണത വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | പിരിച്ചുവിടപ്പെട്ടവരുടെ പരാതികൾ പരിഹരിക്കുന്നതിന് എന്തെങ്കിലും ഇടപെടലുകൾ നടത്തുന്നുണ്ടോ; എങ്കിൽ അതിനായി എന്തെല്ലാം സംവിധാനമാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | തൊഴിൽ ചൂഷണങ്ങൾ, തട്ടിപ്പുകൾ, അനധികൃതമായ കരാർ വ്യവസ്ഥകൾ തുടങ്ങിയവ തടയുന്നതിനായി പാർക്കുകളും കമ്പനികളുമായുള്ള കരാർ ഉടമ്പടികളിൽ തൊഴിൽ നിയമങ്ങൾ, സേവനവേതന വ്യവസ്ഥകളും ചട്ടങ്ങളും ഉൾപ്പെടുത്തി നിലവിലുള്ള നിയമാനുസൃതമായ എല്ലാ വ്യവസ്ഥകളും പാലിക്കണമെന്ന് പാർക്കുകൾ നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ പാർക്കുകളുടെ |

| | | | |
|---|---|---|---|
| | | | കരാറിൽ ഉൾപ്പെട്ടത്തിരിക്കുന്ന വ്യവസ്ഥകളിൽ വീഴ്ച വരുത്തുന്ന കമ്പനികളെ തുടർന്ന് പ്രവർത്തിക്കാൻ അനുവദിക്കാതിരിക്കുക, അവരുമായുള്ള കരാറുകൾ റദ്ദാക്കുക തുടങ്ങിയ നടപടികൾ പാർക്കുകൾ സ്വീകരിക്കുന്നുണ്ട്. |
| സി) | ഈ തൊഴിൽരംഗത്ത് യുവാക്കൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത്; | സി) | ഐ.ടി. മേഖലയിലെ ചൂഷണങ്ങൾ തടയുന്നതിനായി ഐ.ടി. നയത്തിന്റെ ഭാഗമായി തൊഴിൽ സംരക്ഷണത്തിന് മിനിമം വേതനം ഉറപ്പുവരുത്തുന്നതിനായി ആവശ്യമായ നടപടികൾ ഈ സർക്കാരിന്റെ ഐ.ടി. നയത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ പാർക്കുകളിലെ കമ്പനികളിൽ തൊഴിൽ ചൂഷണങ്ങളും തട്ടിപ്പുകളും തടയുന്നതിനായി കമ്പനികളും പാർക്കുകളുമായുള്ള കരാറിൽ എല്ലാ സേവന വേതന വ്യവസ്ഥകളും പാലിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.<br>ഉദ്യോഗാർത്ഥികളിൽ നിന്നും ട്രെയിനിംഗ് എന്ന പേരിൽ പണം വാങ്ങി പരിശീലനം നൽകാൻ പാടില്ലെന്ന് ഐ.ടി./ഐ.ടി.ഇ.എസ്. കമ്പനികളും, പാർക്കുകളും തമ്മിലുള്ള കരാറിൽ വ്യക്തമായി ഉൾപ്പെടുത്തിയിട്ടുണ്ട്. |
| ഡി) | അഭ്യസ്തവിദ്യരായ യുവാക്കളെ സംസ്ഥാനത്തെ ഐ.ടി. മേഖലയിൽ നിലനിർത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ? | ഡി) | ഇൻഫർമേഷൻ ടെക്നോളജി വ്യവസായ രംഗത്തുൾപ്പെടെ വിദ്യാർത്ഥി സംരംഭകർക്ക് പ്രോത്സാഹനം നൽകുന്നതിനും ഈ മേഖലയിൽ കൂടുതൽ വ്യവസായ സാഹചര്യങ്ങൾ സൃഷ്ടിച്ച് അഭ്യസ്തവിദ്യരായ യുവാക്കളെ സംസ്ഥാനത്തെ ഐ.ടി. മേഖലയിൽ നിലനിർത്തുന്നതിനും |

| | | | |
|---|---|---|---|
| | | | ആവശ്യമായ നടപടികൾ സംസ്ഥാന സർക്കാരിന്റെ ഐ.ടി പോളിസി 2017-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**